"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - മലപ്പുറം മുണ്ടേരി വിത്ത് കൃഷിത്തോട്ടത്തിലെ സ്ഥിരം തൊഴിലാളിയായ ശ്രീ ചേന്നൻ.പി.യ്ക്ക് 07/12/2019 മുതൽ 18 /02 /2021 വരെ 438 ദിവസത്തേയ്ക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധി അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഫാംസ്) വകുപ്പ്**

സ.ഉ.(സാധാ) നം.509/2024/AGRI തീയതി,തിരുവനന്തപുരം, 11-06-2024

---

പരാമർശം:- 1. സ.ഉ.(സാധാ). 240/2021/ കൃഷി ;തീയതി 26/02/2021.

2. കാർഷികവികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 15/09/2023 ലെ ADFW/10694/2022/LW(1) നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം മുണ്ടേരി വിത്ത് കൃഷിത്തോട്ടത്തിലെ സ്ഥിരം തൊഴിലാളിയായ, ശ്രീ.ചേന്നൻ.പി.യുടെ അസുഖം കണക്കിലെടുത്ത് മാനുഷികപരിഗണന നൽകി ടിയാൻ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്ന 07/12/2019 മുതൽ 18/02/2021 വരെയുള്ള 438 ദിവസം മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ ആനുകൂല്യത്തിൽ ശൂന്യവേതനാവധി അനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം കാർഷികവികസന കർഷക ക്ഷേമവകുപ്പ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം മുണ്ടേരി വിത്ത് കൃഷിത്തോട്ടത്തിലെ സ്ഥിരം തൊഴിലാളിയായ, ശ്രീ.ചേന്നൻ.പി ജോലിയ്ക്ക് ഹാജരാകാതിരുന്ന 07/12/2019 മുതൽ 18/02/2021 വരെയുള്ള 438 ദിവസം,നിലവിൽ ലഭ്യമാക്കിയ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ ആനുകൂല്യത്തിൽ, ഒരു പ്രത്യേക കേസായി പരിഗണിച്ച് മാനുഷികപരിഗണന നൽകി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ.മനോജ് കുമാർ

ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ